LIBRARY ARCHIVES Kerala Legislative Assembly

മാവൂർ ഗ്രാസിം വ്യവസായം

291 (631)ഡോ. കെ.ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്രാസിം ഭൂമിയിൽ ബിർളാ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ പുതിയ വ്യവസായം ആരംഭിക്കാനുള്ള എന്തെങ്കിലും നടപടി ഉണ്ടായിട്ടുള്ളതായി വ്യവസായ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) മാവൂർ ഗ്രാസിം വ്യവസായം അടച്ചു പൂട്ടിയതിന് ശേഷം ഇത്രയും കാലം ഭൂമി കൈവശം വെച്ച് സംസ്ഥാനത്തിന് നഷ്ടം വരുത്തിയ ഗ്രൂപ്പിന് തന്നെ, വ്യക്തമായ വ്യവസായ പദ്ധതി നിർദ്ദേശങ്ങളൊന്നുമില്ലാതെ, ഭൂമി കൈവശാവകാശം നൽകുന്നത്, സംസ്ഥാനത്തിന്റെ പൊതുവായ താത്പര്യത്തിന് വിരുദ്ധമാണെന്നറിയാമോ ?

ഉത്തരം

(എ&ബി) മാവൂർ ഗ്വാളിയോർ റയോൺസിന് വ്യവസായികാവശ്യത്തിനായി സർക്കാർ ഏറ്റെടുത്തു നൽകിയതിൽ 187.13 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെതിരെ കമ്പനി ബഹു. ഹൈക്കോടതിയിൽ നിന്നും നേടിയ സ്റ്റേ ഓർഡർ നീക്കിക്കിട്ടുന്നതിന് നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുശേഷം, ഒക്ടോബർ 2014 - ൽ ആയിരം കോടി രൂപ ചെലവിൽ മാവൂരിൽ ഒരു Hi-Tech Industrial Services Township (HIIST) സ്ഥാപിക്കുന്നതിനുള്ള സാധ്യത റിപ്പോർട്ട് കമ്പനി സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കിൻഫ്ര മാനേജിംഗ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

വ്യവസായ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ

292(632) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കാമോ ;